19 MAR 2015

09538

**കേരള സർക്കാർ**

**സംഗ്രഹം**

വ്യാവസായിക പരിശീലന വകുപ്പ് - വിവിധ ഐ.ടി.ഐ. സ്റ്റോറുകളിൽ സൂക്ഷിച്ചിരിക്കുന്ന ഉപയോഗശൂന്യമായ വിവിധതരം സ്ക്രാപ്പുകൾ ടെണ്ടർ വിളിച്ച് വില്പന നടത്തുന്നതിനും അപ്രകാരം ലഭിക്കുന്ന തുക സർക്കാരിന്റെ അക്കൗണ്ടിൽ പൊതുമുതൽ കൂട്ടുന്നതിനും ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ. (സാധാ) നം.349/2015/തൊഴിൽ തിരുവനന്തപുരം, തീയതി 18.3.2015

---

പരാമർശം - 1. ജി.ഒ (പി) നം.9/14/SPD, dated 25.10.14 നമ്പർ ഉത്തരവ്.

2. ട്രെയിനിംഗ് ഡയറക്ടറുടെ 26.11.14, 28.1.15 എന്നീ തീയതികളിലെ ഇ 3/5533/13 നമ്പർ കത്തുകൾ.

**ഉത്തരവ്**

വിവിധ ഐ.ടി.ഐ. കളിലെ സ്റ്റോറുകളിൽ കൂട്ടിയിട്ടിരിക്കുന്ന ഉപയോഗശൂന്യമായ വിവിധ തരത്തിലുള്ള സ്ക്രാപ്പുകൾ പൊതു ലേലത്തിലൂടെ നീക്കം ചെയ്ത് ടി തുക സർക്കാരിന്റെ അക്കൗണ്ടിൽ പൊതുമുതൽ കൂട്ടുന്നതിനായി, ടി സ്ക്രാപ്പുകൾ ചുവടെ ചേർത്തിരിക്കുന്ന മാർക്കറ്റ് നിരക്കിൽ വ്യാപക പരസ്യത്തിലൂടെ ലേലം ചെയ്യുന്നതിന് പ്രിൻസിപ്പാൾമാർക്ക് അനുവാദം നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഉപയോഗശൂന്യമായ വിവിധതരം സ്ക്രാപ്പുകൾ ഐ.ടി.ഐ.സ്റ്റോറുകളിൽ കൂട്ടിയിട്ടിരിക്കുന്നതിനാൽ അവ അടിയന്തിരമായി പൊതു ലേലത്തിലൂടെ നീക്കം ചെയ്യണമെന്ന് അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് നടത്തിയ അവസരത്തിൽ തടസ്സവാദം ഉന്നയിച്ചിട്ടുണ്ട് എന്നും ട്രെയിനിംഗ് ഡയറക്ടർ പ്രസ്തുത കത്തിൽ അറിയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഐറ്റം | മാർക്കറ്റ് വില (ഓരോ കിലോയ്ക്ക്) |
|---|---|---|
| 1 | മെറ്റാലിക് സ്ക്രാപ്പ് | 20 |
| 2 | അലുമിനിയം സ്ക്രാപ്പ് | 60 |
| 3 | കോപ്പർ സ്ക്രാപ്പ് | 250 |
| 4 | സ്റ്റെൻലസ് സ്റ്റീൽ കോപ്പർ | 30 |
| 5 | ബ്ലാസ്കറ്റ് ചെയർ അയൺ സ്ക്രാപ്പ് | 20 |

| | | |
|---|---|---|
| 6 | ഷീറ്റ് മെറ്റൽ സ്ക്രാപ്പ് | 20 |
| 7 | ഫെറസ് മെറ്റൽ സ്ക്രാപ്പ് | 20 |
| 8 | അയൺ സ്ക്രാപ്പ് (എം.എസ്) | 20 |
| 9 | പിഗ് അയൺ സ്ക്രാപ്പ് | 25 |
| 10 | ലെഡ് ഷീറ്റ് | 50 |
| 11 | ബ്രാസ് സ്ക്രാപ്പ് | 150 |
| 12 | എച്ച്.റ്റി. ഷീറ്റ് വയർ സ്റ്റീൽ വയർ | 20 |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വിവിധ ഐ.ടി.ഐ. കളുടെ സ്റ്റോറുകളിൽ കൂട്ടിയിട്ടിരിക്കുന്ന ഉപയോഗശൂന്യമായ വിവിധതരം സ്ക്രാപ്പുകൾ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന മാർക്കറ്റ് നിരക്കിൽ വ്യാപക പരസ്യത്തിലൂടെ ഓപ്പൺ ടെണ്ടർ ക്ഷണിച്ച് വില്പന നടത്തുന്നതിന് അതാതു ഐ.ടി.ഐ. പ്രിൻസിപ്പാളിന് അനുമതി നൽകുന്നതിന് ട്രെയിനിംഗ് ഡയറക്ടർക്ക് അനുവാദം നൽകി ഉത്തരവാകുന്നു.

3. ലേലത്തിലൂടെ ലഭിക്കുന്ന ടി തുക സർക്കാരിന്റെ അക്കൗണ്ടിൽ പൊതുമുതൽ (Non Tax Revenue ഇനത്തിൽ) കൂട്ടണമെന്നും ട്രെയിനിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി.എം. അജയ മോഹൻ,
അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (109271/H&L-A1/14/Fin, dated 4.2.2015.
സ്റ്റോഴ്സ് പർച്ചേസ് വകുപ്പ്. (468/ബി1/15/SPD, dated 26.2.15)
വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവ. വെബ്സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

**മേലെഴുത്ത് നമ്പർ ഇ3/5533/13 തീയതി: 20.03.2015.**

പകർപ്പ് എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാരുടെ അറിവിനും മേൽ നടപടിക്കുമായി. ഈ വിഷയത്തിൽ താങ്കളുടെ സ്ഥാപനത്തിൽ മേൽ പരാമർശിച്ചിരിക്കുന്ന ഐറ്റങ്ങളുടെ സ്ക്രാപ്പുകൾ ഉണ്ടെങ്കിൽ എത്ര കിലോ പരസ്യമായി ലേലം ചെയ്തു നൽകുവാൻ ഉണ്ടെന്നുള്ള വിവരം മടക്ക തപാലിൽ അയച്ചു തരേണ്ടതാണ്.

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**